# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഒക്ടോബർ 31, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

മാർക്ക് ദാനം

മി. സ്പീക്കർ: മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പരീക്ഷയിൽ തോറ്റ വിദ്യാർത്ഥിക്ക് മാർക്ക് ദാനം നൽകി വിജയിപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയതായി പറയപ്പെടുന്ന നിയമവിരുദ്ധ നടപടികൾ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിലും പരീക്ഷാ നടത്തിപ്പിലുമുള്ള ഇടപെടലുകളാണെന്ന ഗുരുതരമായ സ്ഥിതിവിശേഷം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, എം. ഉമ്മർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2019 ഫെബ്രുവരി 22-ന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടത്തിയ അദാലത്ത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അദാലത്തിൽ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്തില്ലെന്നും പോസ്റ്റ് മോഡറേഷൻ സംബന്ധിച്ച് ആ ദിവസം തീരുമാനമെടുത്തിട്ടില്ലെന്നും അദാലത്തിൽ പരിഗണിക്കുന്നതിനായി ലഭിച്ച ഓൺലൈൻ അപേക്ഷകൾ 21-02-2019-ന് സിൻഡിക്കേറ്റ് പരിഗണിക്കുകയും ബി.ടെക്-ന് ഒരു മാർക്ക് പോസ്റ്റ് മോഡറേഷൻ നൽകാൻ തീരുമാനിക്കുകയും ചെയ്തുവെന്നുമാണ് വ്യക്തമാകുന്നത്. വിവിധ പരീക്ഷകൾക്ക് മോഡറേഷനായോ പോസ്റ്റ് മോഡറേഷനായോ നൽകേണ്ട മാർക്ക് തീരുമാനിക്കുന്നത് അതത് സർവ്വകലാശാലകളാണ്. എം.ജി. സർവ്വകലാശാലയിലെ പോസ്റ്റ് മോഡറേഷൻ തീരുമാനത്തിൽ മന്ത്രിക്കോ ഓഫീസിനോ യാതൊരു പങ്കുമില്ല.

കേരള സാങ്കേതിക സർവ്വകലാശാലയിലെ അദാലത്തിൽ ഒരു വിഷയത്തിലൊഴികെ ബാക്കിയെല്ലാത്തിനും 91 ശതമാനത്തിലധികം മാർക്ക് ലഭിക്കുകയും ശരിയായ മൂല്യനിർണ്ണയം നടത്താതിരുന്നതുകൊണ്ട് ഒരു വിഷയത്തിൽ പരാജയപ്പെട്ടതെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീഹരി എന്ന വിദ്യാർത്ഥി സമർപ്പിച്ച പരാതി വൈസ് ചാൻസലർക്ക് കൈമാറുകയും ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുകയാണുണ്ടായത്. അനധികൃതമായ യാതൊരു ഇടപെടലും നടത്തിയിട്ടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർവ്വകലാശാലകളുടെ അക്കാദമിക്/ ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള നിരവധി ശ്രമങ്ങൾ മന്ത്രി നടത്തിയിട്ടുണ്ട്. സർവ്വകലാശാലയിലെ പരീക്ഷാ കൺട്രോളർമാരുടെ കാലാവധി പുതിയൊരു ഓർഡിനൻസ് വഴി നാല് വർഷമാക്കി ചുരുക്കിയതിലൂടെ അവരിൽ പലരെയും പിരിച്ചുവിടുകയും ഇഷ്ടക്കാരെ പരീക്ഷാ കൺട്രോളർമാരായി നിയമിക്കുകയും ചെയ്തു. സർവ്വകലാശാല ഏതെങ്കിലും ചട്ടം ലംഘിക്കുകയാണെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങളിൽ രജിസ്ട്രാറുമായും അക്കാദമിക് കാര്യങ്ങളിൽ വൈസ് ചാൻസലറുമായും ഹയർ

എഡ്യൂക്കേഷൻ സെക്രട്ടറി മുഖാന്തരം വകുപ്പുമന്ത്രിക്ക് ബന്ധപ്പെടാവുന്നതാണ്. പ്രോ-വൈസ്ചാൻസലറായ വകുപ്പുമന്ത്രി സർവ്വകലാശാലയുടെ എല്ലാ കാര്യങ്ങളിലും ഇടപെടുന്നത് നിയമലംഘനമാണ്. പരീക്ഷാ നടത്തിപ്പിലും മാർക്ക് ദാനം നൽകുന്നതിലും മന്ത്രിക്കോ ഓഫീസിനോ യാതൊരു അധികാരവുമില്ല. കേരള സർവ്വകലാശാലയുടെ വാല്യുവേഷൻ ക്യാമ്പിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തത്, അക്കാദമിക് കലണ്ടറിൽ മന്ത്രിയുടെ ഓഫീസ് ഇടപെട്ട് തിരുത്തൽ വരുത്തിയത് തുടങ്ങി സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിനെയും പരീക്ഷാ മാന്വലിനെയും മറികടന്നുകൊണ്ട് വകുപ്പുമന്ത്രി നടത്തിയ ഇടപെടലുകൾ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിലും പരീക്ഷാ നടത്തിപ്പിലുമുള്ള കടന്നുകയറ്റമാണ്. നിയമവിരുദ്ധ നടപടികൾ സ്വീകരിച്ച വകുപ്പുമന്ത്രിയെ മന്ത്രിസഭയിൽനിന്ന് പുറത്താക്കണം. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർവ്വകലാശാല പരീക്ഷകളിൽ മോഡറേഷനും പോസ്റ്റ് മോഡറേഷനും തീരുമാനിക്കുന്നത് സിൻഡിക്കേറ്റാണ്. പ്രവർത്തന മാറ്റങ്ങളിലൂടെ മികവ് പുലർത്തുന്ന ഉന്നത

വിദ്യാഭ്യാസ മേഖലയെ തകർക്കാൻ ചിലർ ബോധപൂർവ്വമായി ശ്രമിക്കുകയാണ്. തുടർച്ചയായി ഒരേ തസ്തികയിൽ അവരോധിക്കുന്നത് തടയാനാണ് രജിസ്ട്രാറുടെയും കൺട്രോളർ ഓഫ് എക്സാമിനേഷന്റെയും ഫിനാൻസ് ഓഫീസറുടെയും കാലാവധി നാല് വർഷമായി പരിമിതപ്പെടുത്തിയത്. രാഷ്ട്രീയലക്ഷ്യത്തോടെ ഇവിടെ അവതരിപ്പിച്ച തികച്ചും അപ്രസക്തമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, വി. കെ. ഇബ്രാഹിം കുഞ്ഞ്, സി. എഫ്. തോമസ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) <u>കൊച്ചി നഗരത്തിലെ വെള്ളക്കെട്ട്</u>

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: ഈ മാസം 21-ാം തീയതി കൊച്ചി നഗരത്തിലുണ്ടായ അഭൂതപൂർവ്വമായ വെള്ളപ്പൊക്കം നിമിത്തം ജനജീവിതം

സ്തംഭിക്കുകയും നഗരസഭയ്ക്കെതിരെ ഹൈക്കോടതിയുടെയും മാധ്യമങ്ങളുടെയും രൂക്ഷവിമർശനമുണ്ടാകുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനഫലമായാണ് വെള്ളക്കെട്ടിൽനിന്നും നഗരത്തിന് താൽക്കാലിക മോചനം ലഭിച്ചത്. കൊച്ചി നഗരത്തിൽ അടിക്കടിയുണ്ടാകുന്ന രൂക്ഷമായ വെള്ളക്കെട്ട് ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: കൊച്ചി നഗരത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ ഉത്തരവാദിത്വം നഗരസഭയുടെമേൽ കെട്ടിവയ്ക്കുന്നതിനോട് യോജിക്കാനാവില്ല. തിരുവനന്തപുരം നഗരസഭയിൽ നടപ്പാക്കിയ 'ഓപ്പറേഷൻ അനന്ത' പോലുള്ള പ്രോജക്ട് കൊച്ചിയിലും നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ഉപതെരഞ്ഞെടുപ്പ് ദിവസത്തെ അതിശക്തമായ മഴയെത്തുടർന്ന് കൊച്ചി നഗരത്തിലുണ്ടായ വെള്ളക്കെട്ട് നിമിത്തം ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് നേരിടേണ്ടിവന്നു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള റെയിൽവേയുടേയും മെട്രോയുടേയും കൾവെർട്ടുകൾക്ക് വ്യാസം കുറവായതിനാൽ പല

സ്ഥലങ്ങളിലും നീരൊഴുക്ക് തടസ്സപ്പെടുകയും ജലനിരപ്പ് ഉയരുകയും ചെയ്തു. ഡ്രെയിനേജ് സംവിധാനം ശുചീകരിക്കാത്തതും ശുചീകരണപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാത്തതും വെള്ളക്കെട്ടിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നതിന് കാരണമായിത്തീർന്നു. മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ നിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിന് സാധിച്ചു. പേരണ്ടൂർ കനാലിനുകുറുകെ വിവിധ ഭാഗങ്ങളിലായി വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളും നീരൊഴുക്ക് തടസ്സപ്പെടുന്നതിന് കാരണമായിത്തീർന്നു. തേവര-പേരണ്ടൂർ കനാലും മറ്റ് കനാലുകളും ചെറുതോടുകളും പുനരുദ്ധരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ശക്തമായ മഴയെത്തുടർന്നുണ്ടാകുന്ന അധികജലം ഒഴുക്കിക്കളയുന്നതിന് ചില പ്രദേശങ്ങളിലെങ്കിലും സ്ഥിരം വാട്ടർ പമ്പുകൾ സ്ഥാപിച്ച് പമ്പിംഗ് നടത്തേണ്ടതുണ്ട്. വെള്ളക്കെട്ട് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രി ഉന്നതതല യോഗം വിളിച്ചുചേർക്കുകയും സമയബന്ധിതമായ ഇടപെടലിലൂടെ മാർച്ച് മാസത്തിനകം ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സർക്കാരിന്റെ

പ്രവർത്തനങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ നഗരസഭ തയ്യാറാകണം. ഇടക്കാലവിധിയുടെ അടിസ്ഥാനത്തിൽ തേവര - പേരണ്ടൂർ കനാലിൽ മാലിന്യം നിക്ഷേപിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവിറക്കുന്നതിനും കനാലിന്റെയും മറ്റ് ഡ്രെയിനേജ് സംവിധാനങ്ങളുടെയും ശുചീകരണവും പരിപാലനവും മോണിറ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടർ കൺവീനറായ ഉന്നതതലസമിതി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. നഗരസഭയുടെ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കാവുന്നതാണ്.

(2) ദുരന്തനിവാരണ സംവിധാനങ്ങൾ

ശ്രീ. എ. പി. അനിൽ കുമാർ: പ്രളയദുരന്തങ്ങൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും രക്ഷാപ്രവർത്തനത്തിനാവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ദുരന്തങ്ങൾ നേരിടുന്നതിന് കൃത്യമായ മുന്നൊരുക്കങ്ങളും ഏകോപനവുമുണ്ടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2019-ൽ മലപ്പുറം ജില്ലയിലുണ്ടായ പ്രളയദുരന്തത്തിൽ അപകടസ്ഥലത്ത് എത്തിച്ചേരുന്നതിനുണ്ടായിരുന്ന പ്രതിബന്ധങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്യുകയും അഗ്നിരക്ഷാസേനാംഗങ്ങൾ ഉൾപ്പെടെയുള്ള രക്ഷാപ്രവർത്തകർ യഥാസമയം രക്ഷാപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. 2018-ലുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ അഗ്നിരക്ഷാസേനയുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് സിവിൽ ഡിഫൻസ് ഫോഴ്സ് രൂപീകരിക്കുകയും റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി അഗ്നിസുരക്ഷാ വകുപ്പിന്റെ കീഴിൽ കൂടുതൽ സ്റ്റേഷനുകളും പരിശീലനകേന്ദ്രങ്ങളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അഗ്നിസുരക്ഷാ അക്കാഡമി ശാക്തീകരിക്കുന്നതിന് തുക അനുവദിക്കുന്നതിനും കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ കോട്ടയം ജില്ലയിൽ സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണ സേന രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണസേനയുടെ പ്രാദേശിക ആസ്ഥാനം

നിർമ്മിക്കുന്നതിന് കൊച്ചിയിൽ സ്ഥലം അനുവദിക്കുകയും നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് റിസർവ് സ്ഥാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## III സബ്മിഷൻ

### (1) സാമ്പത്തിക സഹായം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: കൊലചെയ്യപ്പെട്ട തൊഴിയൂർ സുനിൽ കുമാറിന്റെ കുടുംബത്തിനും പ്രതികളാക്കപ്പെട്ട നിരപരാധികൾക്കും സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സുനിൽ കുമാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സുനിൽ കുമാറിന്റെ സഹോദരൻ സുബ്രഹ്മണ്യന് വികലാംഗ പെൻഷനും മാതാപിതാക്കൾക്ക് വാർദ്ധക്യകാല പെൻഷനും ലഭിക്കുന്നുണ്ട്. ഇവരുടെ ജീവിത സാഹചര്യവും കുറ്റംചെയ്യാതെ ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നവരുടെ കാര്യവും സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം തീരുമാനമെടുക്കുന്നതാണ്.

## (2) സ്റ്റേഡിയം നവീകരണം

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പാലക്കാട് മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ മുനിസിപ്പാലിറ്റി തയ്യാറാകാത്ത സാഹചര്യത്തിൽ കായിക വകുപ്പിന് ഇടപെടാൻ സാധിക്കില്ല. ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ മുന്നിൽ ഇല്ലാത്തതിനാൽ മുനിസിപ്പാലിറ്റി രേഖാമൂലം അറിയിക്കുകയാണെങ്കിൽ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## (3) നഷ്ടപരിഹാരം

ശ്രീ. സജി ചെറിയാൻ: 2018-ലെ പ്രളയദുരന്തത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും ഭവനനിർമ്മാണത്തിനായി റവന്യൂ വകുപ്പിന് കൈമാറിയ 50 സെന്റ് ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് വ്യക്തത

വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2018-ലെ പ്രളയ ദുരന്തത്തിൽപ്പെട്ട വീടുകളുടെ കണക്കെടുപ്പ് പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാർ നിശ്ചിത സമയം തീരുമാനിച്ചിരുന്നുവെങ്കിലും ഹൈക്കോടതി നിർദ്ദേശ പ്രകാരം അപ്പീൽ നൽകാനുള്ള സമയം 31-03-2019 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. വീണ്ടും കൂടുതൽ അപേക്ഷകൾ ലഭിച്ചതിനാൽ 30-06-2019 വരെ ലഭിച്ചവ പരിശോധിച്ച് തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 2019-ലെ പ്രളയ ദുരന്തത്തിൽ തകർന്ന വീടുകളുടെ കണക്കുകൾ ശേഖരിച്ച് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. റവന്യൂ വകുപ്പിന് കൈമാറിയ 50 സെന്റ് ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(4) മിനി സിവിൽസ്റ്റേഷൻ

ശ്രീ. പുരുഷൻ കടലുണ്ടി: ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2019-20 വർഷത്തെ ബഡ്ജറ്റിൽ ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ

നിർമ്മാണത്തിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ വക ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (5) അരുവിക്കര ഡാം സംരക്ഷണം

ശ്രീ. കെ. എസ്. ശബരീനാഥൻ: പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് അരുവിക്കര ഡാമിനെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): അരുവിക്കര, വെള്ളയമ്പലം, നെടുമങ്ങാട് എന്നീ ജലശുദ്ധീകരണശാലകളിലേയ്ക്ക് അരുവിക്കര റിസർവ്വോയറിൽനിന്നും പ്രതിദിനം 283 ദശലക്ഷം ജലം എത്തിക്കുന്നുണ്ട്. ഡാമിലെ ചെളിയും മണലും നീക്കം ചെയ്താൽ ഏകദേശം 8 മുതൽ 10 ദിവസത്തേയ്ക്കുള്ള ജലം സംഭരിക്കാൻ കഴിയും. അഞ്ച് ഹെക്ടർ സ്ഥലത്തുമാത്രം ഡീസിൽറ്റേഷൻ പ്രായോഗികമല്ലെന്നും മുഴുവൻ സ്ഥലത്തും ഈ രീതിയിൽ ചെയ്യാൻ കഴിയുന്നതരത്തിൽ ഭരണാനുമതി തിരുത്തി നൽകേണ്ടതാണെന്നുമുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ വിലയിരുത്തൽ പരിശോധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ മംഗലം ഡാമിൽ

അവലംബിക്കുന്ന മാതൃകയിൽ അരുവിക്കര ഡാമിലും ഡീസിൽറ്റേഷൻ നടത്തുന്നതിനെക്കുറിച്ച് ആലോചിച്ച് അന്തിമ തീരുമാനമെടുക്കുന്നതാണ്.

### (6) പുനരധിവാസം

ശ്രീ. കെ. വി. വിജയദാസ്: പാമ്പൻകോട് ആദിവാസി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): 2018-ലെ പ്രളയത്തിൽ വ്യാപക നാശനഷ്ടം സംഭവിച്ച പാമ്പൻകോട് ആദിവാസി കോളനി വാസയോഗ്യമല്ലെന്ന മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് റീബിൽഡ് കേരളയുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

### (7) റോഡ് നിർമ്മാണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭൂമി ലഭ്യമാക്കാതെ ടെണ്ടർ ചെയ്തതിനാലാണ് കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണം നടക്കാതിരുന്നത്. ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി പ്രവൃത്തി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയും ഒന്നാംഘട്ട പ്രവൃത്തികൾക്ക് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗും ഭൂമി ഏറ്റെടുക്കൽ നടപടികളും പൂർത്തിയായാൽ എത്രയും വേഗം ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്. കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

## (8) റെയിൽവേ റിസർവ്വേഷൻ കൗണ്ടർ

ശ്രീ. ടി. വി. ഇബ്രാഹിം: കൊണ്ടോട്ടിയിൽ റെയിൽവേ റിസർവ്വേഷൻ കൗണ്ടർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കൊണ്ടോട്ടിയിൽനിന്ന് അരമണിക്കൂറിനുള്ളിൽ എത്തിച്ചേരാൻ സാധിക്കുന്ന റിസർവ്വേഷൻ സംവിധാനമുള്ള റെയിൽവേ സ്റ്റേഷനുകളും ഐ.ആർ.സി.റ്റി.സി. മുഖേന ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സമ്പ്രദായവുമുള്ള സാഹചര്യത്തിൽ

കൊണ്ടോട്ടിയിൽ റെയിൽവേ റിസർവേഷൻ കൗണ്ടർ ആരംഭിക്കാൻ കഴിയില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയം അറിയിച്ചിട്ടുണ്ടെങ്കിലും കൗണ്ടർ ആരംഭിക്കുന്നതിന് ശ്രമങ്ങൾ തുടരുന്നതാണ്.

(9) തീരദേശവാസികളെ മാറ്റിപ്പാർപ്പിക്കൽ

ശ്രീ. കെ. ദാസൻ: കേരളത്തിന്റെ കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): മുട്ടത്തറയിൽ കടലേറ്റത്തിൽ വീട് നഷ്ടപ്പെട്ട് നാലുവർഷമായി സ്കൂളിൽ കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളികൾക്കായി 192 വീടുകൾ ഫ്ലാറ്റുകളായി നിർമ്മിച്ച് നൽകുകയും 772 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി തുടരുകയും ചെയ്യുന്നുണ്ട്. പൊന്നാനി, വലിയതുറ തുടങ്ങിയ പ്രദേശങ്ങളിൽ ഫ്ലാറ്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പദ്ധതി ഗവൺമെന്റിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപ ലഭ്യമാക്കുകയും ബാക്കി തുക

ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യവും മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ അവസ്ഥയും പരിഗണിച്ച് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന നാല് കുടുംബങ്ങളെ ഒരു ഗ്രൂപ്പായി പരിഗണിച്ച് 40 ലക്ഷം രൂപ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(10) സെക്ഷൻ ഓഫീസ്

ശ്രീ. യു. ആർ. പ്രദീപ്: തൃശ്ശൂർ ജില്ലയിലെ ചേലക്കര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് രണ്ടായി വിഭജിച്ച് എളനാട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): തൃശ്ശൂർ ജില്ലയിലെ ചേലക്കര സെക്ഷൻ ഓഫീസിൽനിന്നും 15 കിലോ മീറ്റർ അകലെയുള്ള എളനാട് ഒരു സബ്ഓഫീസും ഒന്നിടവിട്ട മാസങ്ങളിൽ കളക്ഷൻ സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയതായി തസ്തികകൾ സൃഷ്ടിക്കാൻ തടസ്സമുള്ളതിനാൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിന് കഴിയാത്ത സാഹചര്യമാണുള്ളത്. എളനാട് പ്രദേശത്ത്

പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് പ്രായോഗികമല്ലെങ്കിലും ചേലക്കര സെക്ഷനിൽ അധികജീവനക്കാരെ നിയോഗിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV റൂളിംഗിന്റെ അടിസ്ഥാനത്തിൽ മേശപ്പുറത്തുവയ്ക്കുന്ന പ്രസ്താവന

മി. സ്പീക്കർ: നിയമസഭ പാസ്സാക്കിയ നിയമങ്ങളനുസരിച്ച് സർക്കാർ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നില്ലെന്നത് വളരെ വർഷങ്ങളായി ഉയർന്നുവന്നിരുന്ന പ്രശ്നമാണ്. സഭയുടെ കഴിഞ്ഞ സമ്മേളനകാലത്ത് ഇതുസംബന്ധിച്ച് റൂളിംഗ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 14 സബ്ജക്ട് കമ്മിറ്റി അദ്ധ്യക്ഷൻമാരും അതത് സബ്ജക്ട് കമ്മിറ്റികളെ സംബന്ധിക്കുന്ന പ്രസ്താവന മേശപ്പുറത്ത് വയ്ക്കുകയാണ്. സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട പ്രസ്താവനകൾ പരിശോധിച്ചതിൽ ശക്തമായ തുടർനടപടികൾ ആവശ്യമായ വിഷയങ്ങൾ അവശേഷിക്കുന്നതായി കാണുന്നതിനാൽ തുടർനടപടി ത്വരിതപ്പെടുത്തണമെന്ന് ചെയർ നിർദ്ദേശിക്കുന്നു. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു പരിശോധനയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രസ്താവനകളും ബന്ധപ്പെട്ട സമിതി അദ്ധ്യക്ഷൻമാർ

സഭയിൽ നൽകുന്നതെന്നത് മാതൃകാപരമായ നിരവധി പ്രവർത്തനങ്ങളിൽ തിളക്കമാർന്ന ഒന്നാണ്. 12-06-2019-ലെ റൂളിംഗിന്റെ സ്പിരിറ്റ് ഉൾക്കൊണ്ട് ഇക്കാര്യം പ്രത്യേകം അജണ്ടവച്ച് ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്ത എല്ലാ സമിതി അദ്ധ്യക്ഷൻമാരെയും സമിതി അംഗങ്ങളെയും ഉദ്യോഗസ്ഥരെയും അനുമോദിക്കുന്നു. തുടർന്നും ഇത്തരത്തിലുള്ള സജീവ ഇടപെടലുകൾ നടത്തിക്കൊണ്ട് സഭാ സമിതികൾ അവരവരുടെ കർമ്മമണ്ഡലങ്ങളിലെ ഉത്തരവാദിത്വം സമയബന്ധിതമായി നിർവ്വഹിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

(12-06-2019-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ അതത് സബ്ജക്ട് കമ്മിറ്റികൾ സ്വീകരിച്ച നടപടികളെ സംബന്ധിച്ച പ്രസ്താവനകൾ മേശപ്പുറത്ത് വച്ചു.)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ സ്വീകരിച്ച നടപടിയെ അനുമോദിക്കുന്നു. സബ്ജക്ട് കമ്മിറ്റികളുടെ ചെയർമാൻമാരായി സ്പീക്കർ നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളെ നിയമിച്ചുകൊണ്ട് പാർലമെന്റ് മോഡലിലാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: ഇതുവരെ പാസ്സാക്കിയ നിയമങ്ങളിൽ ചട്ടങ്ങൾ

സമയബന്ധിതമായി നിർമ്മിക്കാനുള്ള വ്യവസ്ഥയുണ്ടാകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ചട്ടങ്ങൾ നിർമ്മിച്ചതും അല്ലാത്തതുമായ നിയമങ്ങളുടെ ലിസ്റ്റ് സഭയിൽ സമർപ്പിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): നിയമസഭാ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കിത്തീർക്കുന്നതിന് സ്പീക്കറുടെ റൂളിംഗ് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങൾ കൂടുതൽ പരിശോധിച്ച് കൃത്യമായ നിഗമനത്തിലെത്തണം.

മി. സ്പീക്കർ: പതിനാല് സബ്ജക്ട് കമ്മിറ്റികളും റൂളിംഗിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സർക്കാർ ത്വരിതപ്പെടുത്തണം. ഈ വിഷയം സഭയിൽ ഉന്നയിച്ച അംഗങ്ങളെ അഭിനന്ദിക്കുന്നു.

## V റിപ്പോർട്ട് സമർപ്പണം

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. തോമസ് ചാണ്ടി എന്നീ അംഗങ്ങൾക്ക് നടപ്പുസമ്മേളനത്തിലെ നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട സ്പീക്കർ സഭയിൽ വായിക്കുകയും സഭ അതിന് അനുവാദം നൽകുകയും ചെയ്തു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും
സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: I move that-

" This House resolves to disapprove The Madras Hindu Religious and Charitable Endowments (Amendment) Ordinance, 2019 (Ordinance No.31 of 2019)."

ഈ ബിൽ പലതവണ ഭേദഗതി ചെയ്തിട്ടുണ്ടെങ്കിലും മലബാറിലുള്ള ക്ഷേത്രങ്ങളെയും ജീവനക്കാരെയും സംരക്ഷിക്കാൻ നിയമനിർമ്മാണം നടത്തുകയോ ട്രസ്റ്റി ഭരണത്തെക്കുറിച്ചുള്ള നിയമപരിഷ്കരണ കമ്മിറ്റിയുടെ ശിപാർശ സംബന്ധിച്ച് സമഗ്രമായി ചർച്ച നടത്തുകയോ ചെയ്തിട്ടില്ല. പഴയ നിയമമനുസരിച്ച് മലബാർ ദേവസ്വം ബോർഡിൽ അംഗമായിരിക്കുന്ന

വ്യക്തിയെ രണ്ട് കാലയളവിലേയ്ക്ക് തുടർച്ചയായി നാമനിർദ്ദേശം ചെയ്യാൻ പാടില്ല. മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റിന് ഒരു തവണകൂടി അവസരം കൊടുക്കാൻ വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളെയും ജീവനക്കാരെയും സംരക്ഷിക്കാനുള്ള പുതിയ ബിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ദാസൻ: 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15/11/2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2008-ൽ നിലവിൽ വന്ന മലബാർ ദേവസ്വം ബോർഡ് 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്ട് പ്രകാരമാണ് പ്രവർത്തിക്കുന്നത്. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും ഗ്രാന്റ് അനുവദിക്കുകയും അവ കൃത്യമായി നൽകുകയും ചെയ്യുന്ന നടപടി സ്വാഗതാർഹമാണ്. ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായുള്ള പ്രത്യേക ധനസഹായപദ്ധതി തുടരുകയും

ആചാരസ്ഥാനീയരുടെയും കോലധാരികളുടെയും പ്രതിമാസ പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ഇടത്താവളം എന്ന ബൃഹത് പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനും 11 ക്ഷേത്രങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ശബരിമല ക്ഷേത്ര വികസനത്തിനായി 1273 കോടി രൂപ ചെലവഴിക്കുന്നതിനും സർക്കാരിന് സാധിച്ചു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി 142 അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ച നടപടി ചരിത്രപരമാണ്. ക്ഷേത്രങ്ങളുടെ കയ്യേറ്റഭൂമി തിരിച്ചുപിടിക്കുന്ന നടപടി ത്വരിതപ്പെടുത്താൻ പ്രത്യേകം ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള സർക്കാർ തീരുമാനം ശ്ലാഘനീയമാണ്. മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ഏർപ്പെടുത്തുന്നതുൾപ്പെടെ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഈ ഭേദഗതിയിലൂടെ മലബാറിലെ ക്ഷേത്രങ്ങളുടെ അഭിവൃദ്ധിക്ക് പുതിയ ദിശാബോധം കൈവരിക്കാൻ സാധിക്കും.

ശ്രീ. വി. പി. സജീന്ദ്രനുവേണ്ടി ശ്രീ. വി. എസ്. ശിവകുമാർ: 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1951-ലെ നിയമത്തിലെ സെക്ഷൻ 7(എ) ഭേദഗതി ചെയ്യുന്നത് മലബാർ ദേവസ്വത്തിൽ സ്ഥാപിത താൽപ്പര്യക്കാരെ കൊണ്ടുവരുന്നതിനാണ്. മലബാർ ദേവസ്വത്തിന്റെ സാമ്പത്തിക ബാധ്യത, ക്ഷേത്രങ്ങളുടെ വികസന മുരടിപ്പ്, സേവന - വേതനരംഗത്തെ ബുദ്ധിമുട്ടുകൾ തുടങ്ങിയവ പരിഹരിക്കുന്നതിന് സമഗ്ര നിയമം കൊണ്ടുവരണം. കോമൺ ഫണ്ടിൽനിന്ന് ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും നടപടിയുണ്ടാകണം. ശ്രീ. കെ. ജയകുമാർ അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. ശമ്പള കുടിശ്ശിക നൽകുന്നതിന് 25 കോടി രൂപ ഗ്രാന്റ് അനുവദിക്കുകയും ക്ഷേത്രങ്ങളുടെ പുനരുജ്ജീവന ഗ്രാന്റ് വർദ്ധിപ്പിക്കുകയും ചെയ്യണം. ലാന്റ് കൺസർവൻസി ആക്ടുപ്രകാരം ദേവസ്വം ഭൂമി സർവ്വേ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് മുൻകയ്യെടുക്കണം. ആചാരസ്ഥാനീയർക്കും കോലധാരികൾക്കും വർദ്ധിപ്പിച്ച പെൻഷൻ തുക നൽകുന്നതിനും മലബാർ മേഖലയിൽ പിൽഗ്രിം ടൂറിസത്തിന്റെ സാധ്യത പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം. മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളെയും ജീവനക്കാരെയും സംരക്ഷിക്കുന്ന തരത്തിലുള്ള

നിയമനിർമ്മാണമാണ് നടത്തേണ്ടത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2008-ലാണ് ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തിയത്. ആ നിയമത്തിൽ അംഗങ്ങളുടെ കാലാവധി രണ്ടുവർഷമാണെന്നതിൽ മാറ്റം വരുത്തിയിട്ടില്ല. അതിൽ ഒരംഗത്തിനെ തുടർച്ചയായി നാമനിർദ്ദേശം ചെയ്യുകയോ തെരഞ്ഞെടുക്കുകയോ ചെയ്യരുതെന്ന സബ്സെക്ഷൻ രണ്ടിന്റെ പ്രൊവൈസോയാണ് നീക്കം ചെയ്യുന്നത്. മലബാർ ദേവസ്വത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നിയമം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നിയമ പരിഷ്ക്കാര കമ്മിറ്റി രൂപീകരിക്കുകയും സമഗ്ര നിയമം തയ്യാറാക്കി സ്ക്രൂട്ടിണിക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ കാറ്റഗറികളിലായി മലബാർ ദേവസ്വം ബോർഡിൽ 22 തസ്തികകൾ സൃഷ്ടിക്കുകയും അബ്രാഹ്മണരായ 142 പേരെ ശാന്തിക്കാരായി നിയമിക്കുകയും ചെയ്തു. ജീവനക്കാരുടെ ശമ്പളയിനത്തിൽ സർക്കാർ ഗ്രാന്റ് നൽകുന്ന ക്ഷേത്രങ്ങളുടെ വാർഷിക വരുമാന പരിധി 20 ലക്ഷം രൂപയായി

ഉയർത്തിയിട്ടുണ്ട്. മൂന്നംഗ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും സംവരണതത്വം പാലിച്ച് നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ട്രസ്റ്റിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങൾ യഥാസമയം കണക്കുകൾ സമർപ്പിക്കാത്തതാണ് ഗ്രാന്റ് അനുവദിക്കാൻ തടസ്സമായി നിൽക്കുന്നത്. ആചാര്യസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള ആനുകൂല്യം 1200 രൂപയാക്കി ഉയർത്തിയത് ഈ സർക്കാരിന്റെ കാലാവധിക്കുമുമ്പ് 1500 ആയി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതാണ്. മലബാർ ദേവസ്വം ബോർഡ് സംബന്ധിച്ച് സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VIII ക്രമപ്രശ്നം

ബില്ലിലെ അവ്യക്തത

ശ്രീ. എം. ഉമ്മർ: ബില്ലിന്റെ പ്രാബല്യതീയതി 2019 ജനുവരി 8 എന്നത് പ്രസ്തുത തീയതിക്കുശേഷം സർവ്വീസിൽ ചേർന്നവർക്കാണോ അതിനുമുമ്പ് പ്രൊമോഷൻ ലഭിച്ചവർക്കാണോ ബാധകമായിട്ടുള്ളത് എന്ന് വ്യക്തമാക്കണം. 101-ാം വകുപ്പിലെ 6-ാം ഉപവകുപ്പിൽ “ 'എ' മുതൽ 'ജെ' വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണ നടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കുവാൻ പാടുള്ളതല്ല” എന്ന വ്യവസ്ഥയാണ് ഈ ഭേദഗതിയിലൂടെ എടുത്തുകളയുന്നത്.

ഈ ബിൽ പാസ്സാക്കുന്നതോടുകൂടി ആയിരക്കണക്കിന് പോലീസുദ്യോഗസ്ഥരുടെ പ്രൊമോഷനെ പ്രതികൂലമായി ബാധിക്കുകയും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുകയും ചെയ്യും. ആയതിനാൽ പ്രസ്തുത ബിൽ പിൻവലിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2011-ലെ പോലീസ് ആക്ടിലെ 101-ാം വകുപ്പിലെ 6-ാം ഉപവകുപ്പാണ് ഭേദഗതി ചെയ്യുന്നത്. 2019 ജനുവരി 8-നാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ പാസ്സാക്കേണ്ടത് അനിവാര്യമാണ്. ഇതിൽ യാതൊരു അവ്യക്തതയും നിലനിൽക്കുന്നില്ല. പ്രസ്തുത ഭേദഗതി ജനറൽ ക്ലോസ്സസ് ആക്ടിലെ 5(1)-നം ഭരണഘടനയുടെ അനുച്ഛേദം 20(1)-നം ലംഘനമാകുമെന്ന വാദം അപ്രസക്തമാണ്.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിലെ വ്യവസ്ഥകളിൽ ജനറൽ ക്ലോസ്സസ് ആക്ടിലെ വ്യവസ്ഥകളുടെയോ ഭരണഘടന വിഭാവനം ചെയ്യുന്ന സ്വാഭാവിക നീതിയുടെ ലംഘനമോ ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ

ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2019 ലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2011-ലെ കേരള പോലീസ് ആക്ടിലെ 101-ാം വകുപ്പിലെ 6-ാം ഉപവകുപ്പിന്റെ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറയുന്ന ശിക്ഷകൾ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കാൻ പാടില്ലെന്ന വ്യവസ്ഥ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകളുമായി യോജിക്കാത്തതിനാലാണ് നീക്കം ചെയ്യുന്നത്. കെ.എസ്.ആന്റ് എസ്.എസ്.ആർ. പ്രകാരം സർക്കാർ ജീവനക്കാർക്ക് ഉയർന്ന തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുള്ള യോഗ്യത നിശ്ചയിക്കേണ്ടത് സീനിയോറിറ്റി മാത്രം അടിസ്ഥാനപ്പെടുത്തിയല്ല. കേരള

പോലീസ് ആക്ടിലെ മേൽ വ്യവസ്ഥ പ്രകാരം കുറ്റം ചുമത്തപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട് പ്രൊമോഷൻ നേടുന്നത് ഒഴിവാക്കുന്നതിനാണ് 2011-ലെ പോലീസ് ആക്ടിലെ 101-ാം വകുപ്പ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചത്. കേരള സമൂഹമാകെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ഒരു ബില്ലാണിത്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: I move that -

“ This House resolves to disapprove The Kerala Police (Amendment) Ordinance, 2019 (Ordinance No.32 of 2019)".

2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 43-ാം നമ്പരായി അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം വീണ്ടും 1508-ാം നമ്പരായി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇത്തരത്തിൽ ഓർഡിനൻസുകൾ റിപ്പീറ്റ് ചെയ്യുന്നതിനെക്കുറിച്ച് ആക്ഷേപം നിലനിൽക്കുന്നുണ്ട്. (എ) മുതൽ (ജെ) വരെയുള്ള സബ്ക്ലോസുകളിൽ പരാമർശിച്ചിരിക്കുന്ന ശിക്ഷണനടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കാൻ പാടുള്ളതല്ലെന്ന് ഒറിജിനൽ

നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിൽനിന്നും അത് മാറ്റിയാൽ പ്രൊമോഷനെ ബാധിക്കുന്ന അവസ്ഥ സംജാതമാകും. ആളോഹരി ജനസംഖ്യാടിസ്ഥാനത്തിലുള്ള അംഗബലം സംസ്ഥാന പോലീസ് സേനയിലില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കെ അവരുടെ പ്രൊമോഷൻ തടയുന്ന ബില്ലിലെ ഭേദഗതികൾ പുനഃപരിശോധിക്കണം. പോലീസ് ആക്ടിന് വിരുദ്ധമായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. പോലീസുകാരുടെ ജോലിസമയം കുറച്ചുകൊണ്ടുവരുന്നതിനും വനിതാ പോലീസുകാരെ രാത്രി 10 മണിക്കുശേഷമുള്ള ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ട് വിഭാഗങ്ങളാക്കി മാറ്റണം.

<u>ശ്രീ. എം. വിൻസെന്റ്</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. മൂലനിയമത്തിലെ 101-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയിലൂടെ ചെറിയ തെറ്റുകൾക്കുപോലും ശിക്ഷിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ നിഷേധിക്കുന്ന അവസ്ഥ

സംജാതമാകുകയാണ്. പോലീസിലെ ക്രിമിനലുകളെ നിയന്ത്രിക്കുന്നതിനുപകരം സാധാരണക്കാരായ പോലീസുദ്യോഗസ്ഥരെ ദോഷകരമായി ബാധിക്കുന്ന നിയമഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 11-08-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സാധാരണക്കാരായ പോലീസുദ്യോഗസ്ഥരുടെ പ്രൊമോഷൻ അകാരണമായി തടയുന്നതിനിടയാക്കുന്നതാണ് ഈ നിയമഭേദഗതി. പോലീസുദ്യോഗസ്ഥർക്ക് പൊതുജനങ്ങളോട് ഇടപെടുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കണം. ജോലിഭാരവും മേലുദ്യോഗസ്ഥരുടെ തെറ്റായ പെരുമാറ്റവുംമൂലം ആത്മഹത്യ ചെയ്യുന്ന പോലീസുദ്യോഗസ്ഥരുടെ എണ്ണം വർദ്ധിക്കുന്നത് പരിശോധിക്കണം. രാഷ്ട്രീയ ഇടപെടൽ കൂടാതെ പോലീസിന് സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കണം. പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനും അദർഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നവരുടെ എണ്ണം കുറയ്ക്കുന്നതിനും ക്രിമിനൽ സ്വഭാവമുള്ള പോലീസുകാരെ നിയന്ത്രിക്കുന്നതിനും

പോലീസ് സേനയെ നവീകരിക്കുന്നതിനും നടപടിയുണ്ടാകണം. പോലീസിനെതിരായ പരാതികളിന്മേലുള്ള അന്വേഷണത്തിന് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തണം. നിരപരാധികളെ കള്ളകേസിൽപ്പെടുത്തുന്ന രീതി ഒഴിവാക്കണം. പോലീസ് ഉദ്യോഗസ്ഥർക്ക് അർഹമായ പ്രൊമോഷൻ ലഭ്യമാക്കുന്നതുൾപ്പെടെ വകുപ്പിൽ കാതലായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. ആർ. രാജേഷ്: 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി പരാതികൾക്ക് പരിഹാരമുണ്ടാക്കുന്നതുൾപ്പെടെ പോലീസിന്റെ നീതിപൂർവ്വമായ സമീപനത്തിലൂടെ മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ഉറപ്പുവരുത്താനുള്ള നടപടികളാണ് ഈ ബില്ലിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. പോലീസുകാരിൽ തൊഴിൽ സമ്മർദ്ദംമൂലമുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു കൗൺസിലിംഗ് സെന്റർ തിരുവനന്തപുരത്ത് ആരംഭിച്ചതും മറ്റ് ജില്ലകളിൽ ഇത് വ്യാപിപ്പിക്കാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വർഗ്ഗീയ സംഘർഷങ്ങളെയും ബ്ലേഡ്-ഗുണ്ടാമാഫിയകളെയും പെൺവാണിഭ സംഘങ്ങളെയും നിയന്ത്രിക്കാൻ കഴിഞ്ഞതിലൂടെ ക്രമസമാധാനനില മെച്ചപ്പെടുത്താനും വാട്ട്സ്ആപ് ഹർത്താൽപോലുള്ള ജനദ്രോഹ നടപടികൾക്കുപിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താനും സാധിച്ചിട്ടുണ്ട്. സി.ഐ.-മാരെ സ്റ്റേഷൻ അധികാരികളായി നിയമിച്ചതിലൂടെ പോലീസുകാരുടെ പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ജനമൈത്രി പൊലീസ്, ഹൈസ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സുശക്തമായ ട്രാഫിക് എൻഫോഴ്സ്മെന്റ്, പിങ്ക് പോലീസ് തുടങ്ങി പോലീസ് സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പരാതികൾ ഓൺലൈനായി നൽകുന്നതിനും ഡിജിറ്റൽ സംവിധാനത്തിലൂടെ കേസിന്റെ വിവരങ്ങൾ പരാതിക്കാരെ അറിയിക്കുന്നതിനും പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനും ശബരിമലയിൽ സേവനമനുഷ്ഠിക്കുന്ന പോലീസുകാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസുകാരിലെ മാനസിക സംഘർഷങ്ങൾ പരിഹരിക്കുന്നതിന് കൗൺസിലിംഗ് സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. അദാലത്തുകൾ സംഘടിപ്പിച്ച് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സേനയിൽ സീനിയോറിറ്റി തർക്കങ്ങൾ പരിഹരിച്ച് പ്രൊമോഷൻ സാധ്യതകൾക്ക് സാഹചര്യമൊരുക്കുന്നതിനും ജില്ലാടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് പുനഃസംഘടിപ്പിച്ച് കേസ്സുകൾ സമയനിഷ്ഠമായി അന്വേഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് തീരദേശ സംരക്ഷണ സേനയിൽ പ്രത്യേക നിയമനം നൽകി. സൈബർ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും ഡ്രൈവർമാർക്ക് പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## IX ക്രമപ്രശ്നം

ശ്രീ. വി. ഡി. സതീശൻ: ബില്ലിലെ ക്ലോസ് (6) ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന് എതിരാണ്. കോടതി എന്തുചെയ്യണമെന്ന് നിയമത്തിൽ മുൻകൂട്ടി നിഷ്കർഷിക്കുന്നത് അനുചിതവും ജഡ്ജിയുടെ

വിവേചനാധികാരത്തിന്മേലുള്ള കടന്നുകയറ്റവുമാണ്. കോൺസ്റ്റിറ്റ്യൂഷണൽ ഫ്രെയിംവർക്കിൽ ഇത്തരം പരാമർശം ഒഴിവാക്കപ്പെടേണ്ടതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ബില്ലിലെ ക്ലോസ് (6) ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ ജാമ്യം സംബന്ധിച്ച പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ബില്ലിലെ 8-ാം ഖണ്ഡത്തിൽ, "ആക്ടിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു പുറമെയും അതിന് ഭംഗം വരാതെയും ആയിരിക്കേണ്ടതും" എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇത് കോടതിയുടെ വിവേചനാധികാരത്തിന്മേലുള്ള കടന്നുകയറ്റമായി വ്യാഖ്യാനിക്കേണ്ടതില്ല. ബില്ലിന്റെ ഖണ്ഡം 5 (എ) പ്രകാരം "ആക്ടിൻ കീഴിലുള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തുമായിരിക്കും" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്രിമിനൽ പ്രോസിക്യൂഷൻ നടപടികളിൽ ജാമ്യാപേക്ഷ എതിർക്കുന്നതിനുള്ള അവസരം പ്രോസിക്യൂഷന് നൽകാറുള്ളതിനാൽ കോടതിയുടെ വിവേചനാധികാരം ഉപയോഗിക്കുന്നതിൽ ഈ നിയമം തടസ്സമാകുന്നില്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബില്ലിലെ ഖണ്ഡം 6-ലെ വ്യവസ്ഥ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന്റെ ലംഘനവും കോടതികളുടെ വിവേചനാധികാരത്തിന്മേലുള്ള കടന്നുകയറ്റവുമാണെന്ന ക്രമപ്രശ്നമാണ് ഉന്നയിക്കപ്പെട്ടത്. ഇക്കാര്യത്തിലുള്ള നിയമവകുപ്പിന്റെ വിശദീകരണംകൂടി ചേർത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെയോ നടപടിക്രമത്തിന്റെയോ ലംഘനം ഇതിലില്ല എന്നത് വ്യക്തമാണെങ്കിലും ബില്ലിലെ ഖണ്ഡങ്ങൾക്ക് നൽകിയ നമ്പറുകളിലെ അപാകത ഉൾപ്പെടെ ഉന്നയിക്കപ്പെട്ട വിഷയം തുടർന്നുള്ള സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാനും ആവശ്യമുണ്ടെങ്കിൽ ഭേദഗതി വരുത്താനും സാഹചര്യമുണ്ട്. ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം

തടയലും നഷ്ടപരിഹാരം നൽകലും ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നിയമങ്ങളോടൊപ്പം പുതിയ നിയമങ്ങളും ആവശ്യമാണ്. സ്വകാര്യ സ്വത്തുക്കളുടെ നാശനഷ്ടത്തിനെതിരെയുള്ള വ്യക്തമായ നിയമമാണ് ഈ ബിൽ. ഹർത്താലും ബന്ദും നടത്തി സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കുന്നത് പൊതുമുതൽ നശിപ്പിക്കുന്നതിന് സമാനമായ കുറ്റമെന്ന നിലയിൽ അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരിൽനിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കുന്നതിനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്കും അവരുടെ സ്വത്തിനും ഭരണഘടനാപരമായ പരിരക്ഷ ഉറപ്പുവരുത്തുന്നതാണ് ഈ ബിൽ.

ശ്രീ. അൻവർ സാദത്തിനുവേണ്ടി ശ്രീ. സണ്ണി ജോസഫ്: I move that -

"This House resolves to disapprove The Kerala Prevention of Damage to Private Property and Payment of Compensation Ordinance, 2019 (Ordinance No.33 of 2019)".

സിവിൽ കേസുകളിൽ കോടതി നടപടികൾ വൈകുന്നത് നീതിനിഷേധത്തിന് കാരണമാകുന്നതിനാലും സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാലും ഇത്തരം നിയമത്തിന്റെ ആവശ്യകത പ്രാധാന്യമർഹിക്കുന്നു. ഈ ബില്ലിലെ ഖണ്ഡങ്ങൾക്കുള്ള നമ്പറുകളിലെ അപാകതകൾ തിരുത്തണം. സ്വകാര്യവ്യക്തിക്ക് സംഭവിക്കുന്ന നഷ്ടത്തിന്റെ പകുതിത്തുക കോടതിയിൽ കെട്ടിവയ്ക്കണമെന്നും നഷ്ടപരിഹാരത്തുക റവന്യൂ റിക്കവറി ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി ഈടാക്കാവുന്നതാണെന്നുമുള്ള വ്യവസ്ഥകൾ സ്വാഗതാർഹമാണ്. നിയമവ്യവസ്ഥകൾ ദുരുപയോഗം ചെയ്യില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് നിയമം നടപ്പിലാക്കണം. നഷ്ടത്തിന്റെ പകുതി തുക കെട്ടിവയ്ക്കുന്നതോടൊപ്പം ഡെപ്യൂട്ടി കളക്ടർ പരിശോധന നടത്തി നഷ്ടസംഖ്യ നിർണ്ണയിക്കണമെന്നുകൂടി

വരുമ്പോൾ ജാമ്യം ലഭിക്കാൻ കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ആ വ്യവസ്ഥ പിൻവലിക്കണം. നഷ്ടപരിഹാരം മുൻകാലപ്രാബല്യത്തോടെ നൽകണമെന്ന നിർദ്ദേശത്തെയും ബില്ലിന്റെ സാരാംശത്തെയും സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സ്വകാര്യസ്വത്ത് നശിപ്പിക്കുന്നത് നിയമംമൂലം നിരോധിക്കേണ്ടതും കുറ്റം ചെയ്ത ആളിൽനിന്നും നഷ്ടം ഈടാക്കേണ്ടതുമാണ്. നാൽപ്പത് വർഷം മുമ്പ് കേരള ഗവൺമെന്റ് ഈ നിയമം കൊണ്ടുവരാൻ ശ്രമം നടത്തിയെങ്കിലും അന്നത് നടന്നില്ല. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമപ്രകാരമാണ് ഇന്ന് നഷ്ടപരിഹാരം ഈടാക്കുന്നത്. ഈ നിയമം പാസ്സാക്കുന്നതോടൊപ്പം ബോധവത്ക്കരണം നടത്തുകയും വേണം.

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി <u>ശ്രീ. ഇ. കെ. വിജയൻ</u>: 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30/11/2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സംഘർഷവും സംഘട്ടനവും ഉണ്ടാകുമ്പോൾ സ്വകാര്യ സ്വത്ത്

നശിപ്പിക്കുന്നത് പ്രതിഷേധാർഹമാണ്. സോഷ്യൽ മീഡിയവഴിയും മറ്റുമാർഗ്ഗങ്ങളിലൂടെയും സമരത്തിന് ആഹ്വാനം ചെയ്ത് സംഘർഷമുണ്ടാക്കുന്ന സാഹചര്യത്തിൽ അതിക്രമം തടയാനും സ്വകാര്യസ്വത്ത് സംരക്ഷിക്കാനും സ്വൈര്യ ജീവിതം ഉറപ്പാക്കാനും ഇത്തരമൊരു നിയമം അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചാൽ അക്രമം ഒരു പരിധിവരെ തടയാൻ സാധിക്കും.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സമര പരിപാടികൾക്കിടയിൽ പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പരിഹാരമെന്ന നിലയിലും ഈ ബിൽ കൊണ്ടുവന്ന നടപടി സ്വാഗതാർഹമാണ്. സോഷ്യൽ മീഡിയവഴിപോലും സമരം ആഹ്വാനം ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് നീങ്ങാതിരിക്കാനുള്ള നിലപാട് ഉത്തരവാദപ്പെട്ട രാഷ്ട്രീയ സംഘടനകൾ സ്വീകരിക്കേണ്ടതുണ്ട്. പൊതുവായി ഒരു 'സമര കേന്ദ്രം' നിശ്ചയിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുകയും ഈ നിയമം ദുരുപയോഗപ്പെടുത്താതിരിക്കുന്നതിനുള്ള ജാഗ്രത പാലിക്കുകയും ചെയ്യണം.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: 2019-ലെ

കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മൂന്നുപ്രാവശ്യം ഓർഡിനൻസ് ഇറക്കിയതിനുശേഷം കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിന് അടിയന്തര പ്രാധാന്യമില്ല. ഹർത്താലുകൾ, വർഗ്ഗീയ സംഘട്ടനങ്ങൾ എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽനിന്നും പൊതുമുതലും സ്വകാര്യമുതലും സംരക്ഷിക്കാനുള്ള നിയമം ഏറെ പ്രയോജനകരമാണെങ്കിലും അവധാനതയോടെയല്ലാതെ തയ്യാറാക്കിയ നിയമം രണ്ട് ഘട്ടങ്ങളായി നടപ്പിലാക്കണമെന്നു പറയുന്നതിലും നഷ്ടങ്ങൾക്ക് പിഴ ഈടാക്കുന്ന വ്യവസ്ഥയിലും അവ്യക്തതയുണ്ട്. നിരപരാധികൾ ശിക്ഷിക്കപ്പെടാതിരിക്കാനും നിയമം ദുരുപയോഗം ചെയ്യാതിരിക്കാനും ശ്രദ്ധിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ബില്ലിലെ വ്യവസ്ഥകൾ വിഭിന്ന ഓർഡിനൻസുകളിലായി പുറപ്പെടുവിച്ചതിനാലാണ് നിയമത്തിന് 06-07-2019, 08-01-2019 എന്നീ തീയതികളിലായി പ്രാബല്യം നൽകാൻ തീരുമാനിച്ചത്. നിയമം ദുരുപയോഗം ചെയ്യപ്പെടുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ബിൽ

സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

## X അറിയിപ്പ്

<u>മൈൻഡ് റിഫ്രഷ്മെന്റ് മ്യൂസിക് തെറാപ്പി എന്ന പ്രോഗ്രാമും ചലച്ചിത്ര പ്രദർശനവും</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിന്റെ ബാങ്ക്വറ്റ് ഹാളിൽ സാമാജികർക്കായി 'മൈൻഡ് റിഫ്രഷ്മെന്റ് മ്യൂസിക് തെറാപ്പി' പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ തമ്പാനൂർ ഏരീസ് പ്ലക്സ് തിയേറ്റർ കോംപ്ലക്സിൽ 'ചെറിയ ചെറിയ വലിയ കാര്യങ്ങൾ' എന്ന

ചലച്ചിത്രവും അംഗങ്ങൾക്കായി പ്രദർശിപ്പിക്കുന്നുണ്ട്. ഈ രണ്ട് പ്രോഗ്രാമുകളിലും എല്ലാവരും പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 5.03-ന് പിരിഞ്ഞു.

*******